(സി) ഈ ഭാഗത്ത് കനാലിന് വളരെയധികം ചോർച്ച ഉണ്ടെങ്കിലും റോഡിന്റെ അരികിലുള്ള ഓടയിലൂടെ ജലം ഒഴുകിപ്പോകുന്നതിനാൽ റോഡ് ഗതാഗതം തടസ്സപ്പെടുന്നില്ല.

(ഡി) ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഇത്തരം ജോലികൾ ഏറ്റെടുക്കാവുന്നതാണ്.

**മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതി**

**37 (262)** ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിയുടെ എത്ര പണികളാണ് അഴിമതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾമൂലം മുടങ്ങിക്കിടക്കുന്നതെന്നും അത് ഏതൊക്കെ സ്ഥലത്തെ എന്തൊക്കെ പണികളാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പണികൾ പുനരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മൂവാറ്റുപുഴവാലി ഇറിഗേഷൻ പദ്ധതിക്കുവേണ്ടി സ്ഥലമെടുപ്പ് നടത്തവേ കുടി ഒഴിപ്പിക്കപ്പെട്ടവർക്ക് നഷ്ടപരിഹാരം പൂർണ്ണമായി നല്കാത്ത എത്ര കേസ്സുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 40 പണികൾ മുടങ്ങിക്കിടക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) സ്വീകരിച്ചുവരുന്നു.

(സി) 346 കേസ്സുകൾ.

**കനാൽ സംരക്ഷണം**

**38 (263)** ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ജലസേചന പദ്ധതിയിൽ റീവാംപിംഗ് സ്കീമിൽ എത്ര പണികളാണ് അനുവദിച്ച് ടെൻഡർ വിളിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിൽ നേമം നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന കനാൽ ഭാഗത്ത് എത്ര പണികളുണ്ട് ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) പാറശ്ശാല, നെയ്യാറ്റിൻകര മണ്ഡലങ്ങളിലെ കനാലുകൾക്ക് എത്ര പണികൾ വീതം അനുവദിച്ചിട്ടുണ്ട് ;

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നേമം നിയോജകമണ്ഡലത്തിൽ വർഷങ്ങളായി മണ്ണിടിച്ചും ബണ്ട് പൊട്ടിയും കാട് കയറിയും കനാലുകൾ നശിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അവ അവഗണിക്കുന്ന കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നെയ്യാർ ജലസേചന പദ്ധതിയിൽ 2000-2001 സാമ്പത്തിക വർഷത്തിൽ 14 പണികളാണ് അനുവദിച്ച് ടെൻഡർ വിളിച്ചിട്ടുള്ളത്.

(ബി) നെയ്യാർ ജലസേചന പദ്ധതിയിലൂടെ മൊത്തം അണക്കെട്ടിൽ പത്തു ശതമാനം നേമം നിയോജകമണ്ഡലത്തിലൂടെയാണ് താഴെപ്പറയുന്ന രണ്ടു പണികൾ നേമം നിയോജകമണ്ഡലത്തിലുള്ളതാണ്. ഇതിൽ കനാൽ ഷട്ടറും എസ്ക്കേപ്പ് ഷട്ടറും കനാലിന്റെ സംരക്ഷണ പണികളും ഉൾപ്പെടുന്നു.

1. നെയ്യാർ ജലസേചന പദ്ധതി റീവാപിംഗ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം വെള്ളായണി നോർത്ത്, വിഴിഞ്ഞം ആർബി.സി. വെങ്ങാന്നൂർ എന്നീ സ്ഥലങ്ങളിലെ കനാൽ ഷട്ടറുകളുടെയും എസ്കേപ്പു ഷട്ടറുകളുടെയും സംരക്ഷണ പണി ഇതിനുള്ള അടങ്കൽ തുക 2 $^{1}/_{2}$ ലക്ഷം രൂപയാണ്.
2. നെയ്യാർജലസേചന പദ്ധതി റീവാംപിംഗ് കൺസോളിഡേഷൻ പ്രോഗ്രാം വിഴിഞ്ഞം ബ്രാഞ്ച് കനാൽ പൂജ്യം മുതൽ 2900 മീറ്റർ വരെയുള്ള സംരക്ഷണ പണി ഇതിനുള്ള അടങ്കൽ തുക അഞ്ച് ലക്ഷം രൂപയാണ്.

(സി) ഇപ്പോൾ ടെൻഡർ വിളിച്ചതിൽ അഞ്ചു പണികൾ പാറശ്ശാലയ്ക്കും 3 പണികൾ നെയ്യാറ്റിൻ കരയ്ക്കുമാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഇതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. തക്കസമയത്തു തന്നെ ചെയ്തു തീർക്കുവാൻ കഴിയുന്നത്ര പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ചെയ്തു തീർത്തിട്ടുണ്ട്. കൂടാതെ ശ്രീ. വെങ്ങാന്നൂർ ഭാസ്കരൻ എം.എൽ.എ. യുടെ 1-1-2001-ലെ പരാതിയിൻപ്രകാരം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് വിഴിഞ്ഞം ബ്രാഞ്ച് കനാൽവെള്ളായണി ഈസ്റ്റ് ബ്രാഞ്ച് കനാൽ വെള്ളായണി വെസ്റ്റ് ബ്രാഞ്ച് കനാൽ ഷട്ടർ റിപ്പയർ എന്നീ പണികൾ നടത്തുവാനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ കൈകൊണ്ടിട്ടുണ്ട്.

കടലാക്രമണം തടയാൻ നടപടി

**39 (264)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ കടലാക്രമണ ഭീഷണിയുള്ള സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര കിലോമീറ്റർ സ്ഥലത്ത് കടൽഭിത്തി കെട്ടി സംരക്ഷിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly